സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഇന്റേണൽ ആഡിറ്റ് - മരാമത്ത് പണികളുടെ ഭരണാനുമതിയുടെ പകർപ്പ് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർക്ക് മാർക്ക് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3923/12/Est-1** നന്തൻകോട്, **26/10/2018**

---

പരാമർശം :- 1) 17-04-2017 ലെ മേൽ നമ്പർ ഉത്തരവ്.
2) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 28-09-2018 ലെ FAO 310/18/IAD നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മരാമത്ത് ആഫീസുകളുടെ ഇന്റേണൽ ആഡിറ്റ് നടത്തുന്നതിനായി ഫിനാൻസ് & അക്കൗണ്ട്സ് ആഫീസിൽ ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ച് സൂചന (1) ബോർഡുത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ആഡിറ്റിന്റെ സുഗമമായ നടത്തിപ്പിന് ഓരോ മരാമത്ത് ആഫീസിൽ നിന്നും മരാമത്ത് പ്രവർത്തികൾക്കായി പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ പകർപ്പ് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർക്ക് കൂടി മാർക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിവരിച്ച് പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് ഓരോ മരാമത്ത് ആഫീസിൽ നിന്നും, മരാമത്ത് പ്രവർത്തികൾക്കായി പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ പകർപ്പ് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർക്ക് കൂടി നൽകുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
6. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ഓഫീസ് കോപ്പി
10. EDP സെക്ഷൻ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി